ആനന്ദം കണ്ടെത്തുവാനുള്ള ഏറ്റവും നല്ല വഴി
-----------------------------------------------------------------------------------

എല്ലാവരും യഥാർത്ഥ സന്തോഷം അനുഭവിക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ സന്തോഷം എത്രയോ വിരളമായ ഒരു കാര്യമാണെന്നു നിങ്ങൾക്കു കാണാവുന്നതാണ്. മിക്ക ആളുകൾക്കും സന്തോഷമില്ല. അവർ ഒരു വിനോദത്തിൽനിന്ന് മറ്റൊന്നിലേക്കു ദ്രുതഗമനം ചെയ്യുന്നെങ്കിലും യഥാർത്ഥ ആനന്ദം അനുഭവിപ്പാൻ അവർക്കു കഴിയുന്നില്ല.

"ആനന്ദം കണ്ടെത്തുവാൻവേണ്ടി പലയിടത്തും ഞാൻ അന്വേഷിച്ചെങ്കിലും എനിക്ക് അതു കണ്ടെത്താൻ സാധിച്ചില്ല. ഈ ലോകത്തെ ഞാൻ മടുത്തു.ജീവിതത്തിന്റെ പൊള്ളത്തരത്തെയും അർത്ഥമില്ലായ്മയെയും ആത്മാർത്ഥതയില്ലായ്മയെയും ഞാൻ വെറുക്കുന്നു!" എന്നു ചെറുപ്പക്കാരനായ ഒരു ഫാക്ടറി  ഉടമ എന്നോട് പറയുകയുണ്ടായി. "അപ്പോൾ അങ്ങനെയാണ് നിങ്ങൾക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ നിങ്ങൾ സന്തോഷത്തിനുവേണ്ടി അന്വേഷിച്ചിട്ടു കണ്ടുകിട്ടിയില്ലേ?

സ്നേഹത്തിലും, ബഹുമാനത്തിലും, സമ്പത്തിലും ആളുകൾ തങ്ങളുടെ ലക്ഷ്യത്തെ തേടുന്നെങ്കിലും പാപത്തിലും മനഃപ്രയാസത്തിലും ബുദ്ധിമുട്ടിലും അവസാനിക്കുന്നു എന്നു പറഞ്ഞ രാജകുമാരിക്കു തുല്യനാണ് നിങ്ങൾ. പാപം ലോകത്തിൽ ഇല്ലായിരുന്നെങ്കിൽ ലോകത്തിൽ എന്തുമാത്രം സന്തോഷമുണ്ടാഹയിരിക്കും. കാരണം, പാപം ജീവിതത്തെ നശിപ്പിക്കുന്നു" എന്ന് ഞാൻ അപ്പോൾ മറുപടി പറഞ്ഞു.

എന്നാൽ കർത്താവായ യേശുക്രിസ്തു എന്ന വ്യക്തി നിങ്ങൾക്കു നിലനിൽക്കുന്നതും നിത്യവുമായ സന്തോഷം തരുന്നു. അവിടുന്ന് പ്രഖ്യാപിച്ചു. "എന്റെ സന്തോഷം നിങ്ങളിൽ ആയിരിക്കുവാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോട് സംസാരിച്ചിരിക്കുന്നു" (യോഹന്നാൻ 15:11). ഇവിടെ രണ്ട് സത്യങ്ങൾ നമുക്ക് കാണാവുന്നതാണ്. സന്തോഷം ക്രിസ്തുവിൽനിന്ന് വരുന്നു. അത് നിങ്ങൾക്കു തരാൻ അവൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്കുള്ള അവന്റെ വരവു സന്തോഷം കൊണ്ടുവന്നു. അവന്റെ ജനനത്തിങ്കൽ ദൈവദൂതൻ  ഇപ്രകാരം വിളംബരം ചെയ്തു. "സർവ്വജനത്തിനും ഉണ്ടാവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു." അതിനാൽ യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം ക്രിസ്തു ആണ്. ഒരു പാപി മാനസാന്തരപ്പെട്ട് അവന്റെ ജീവിതം ക്രിസ്തുവിന് സമർപ്പിക്കുന്ന നിമിഷത്തിൽ തന്നെ സ്വർഗ്ഗീയ സന്തോഷം അവന്റെ ഹൃദയത്തിലേക്കു ഒഴുകുന്നു. പാപക്ഷമയും സമാധാനവും ദൈവത്തോടുള്ള നിത്യനിരപ്പും പ്രാപിക്കുന്നു.

ഒരു ചെറുപ്പക്കാരൻ പാപത്തിൽ ജീവിക്കുകയായിരുന്നു. ദൈവവചനം അവന്റെ തിന്മ നിറഞ്ഞ വഴികളെക്കുറിച്ചു വെളിപ്പെടുത്തിയപ്പോൾ അവനു അസഹ്യമായി തോന്നി. ദൈവമുൻപാകെ അവന്റെ പാപത്തെ ഏറ്റുപറഞ്ഞപ്പോൾ അവൻ സന്തോഷം നിറഞ്ഞവനായി ഇങ്ങനെ വിളിച്ചു പറഞ്ഞു. "ഈ വലിയ സന്തോഷം എങ്ങനെയുണ്ടായെന്ന് എനിക്കറിഞ്ഞുകൂടാ. ഒരു വലിയ ഭാരം എന്നിൽനിന്നും നീക്കപ്പേട്ടതുപോലെ എനിക്ക് അനുഭവപ്പെട്ടു. ഞാൻ എത്രമാത്രം സന്തുഷ്ടനാണ്." അവന്റെ പാപം മോചിപ്പിക്കപ്പെട്ടതിനാൽ അങ്ങേ അറ്റത്തെ സന്തോഷം അവന്റെ ജീവിതത്തിലേക്കു കടന്നുവന്നു. അവനു ആ സന്തോഷത്തിൽ വസിപ്പാൻ ഇടയായി. നിങ്ങളുടെ പാപം ക്ഷമിച്ചുകിട്ടുന്നതിലാണു നിങ്ങളുടെ സന്തോഷത്തിന്റെ അടിസ്ഥാനം. ക്രിസ്തു ഒരു നൈമിഷിക സന്തോഷമല്ല – പിന്നെയോ, ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സാഹചര്യങ്ങളിലും നിലനിൽക്കുന്ന സന്തോഷമാണ് തരുന്നത്.

അപ്പൊസ്തലനായ പൗലോസ് സന്തോഷം നിറഞ്ഞവനായിരുന്നു. ദമസ്കോസിലേക്കുള്ള വഴിയിൽവച്ചു കർത്താവായ ക്രിസ്തുവിനെ കണ്ടുമുട്ടിയപ്പോൾ തുടങ്ങിയതാണ് ഈ സന്തോഷം. ക്രിസ്തു സ്നേഹപൂർവ്വം സൗമ്യമായി അവനോട് ചോദിച്ചു. "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" (അപ്പൊ. പ്രവൃ. 9:4). ശൗൽ കർത്താവിനോട് മത്സരിച്ച് അവിടുത്തെ അനുനായികളെ കൊന്നുകൊണ്ടിരുന്നു. ക്രിസ്തുവിനെ കണ്ടതിനാൽ അവൻ അത്ഭുതപരതന്ത്രനായി തീരുകയും, മൂന്നു ദിവസം തിന്നുകയോ, കുടിക്കുകയോ ചെയ്യാൻ കഴിയാതെ അന്ധനായിരിക്കുകയും ചെയ്തു. ക്രിസ്തു തന്റെ സ്വന്തം രക്തം ചിന്തി അവനെ വീണ്ടെടുത്തു എന്നുള്ള ഉറപ്പു ലഭിച്ചപ്പോൾ ശൗൽ സന്തോഷഭരിതനായിത്തീർന്നു. അവന്റെ കാഴ്ച തിരിച്ചുകിട്ടി എന്ന് മാത്രമല്ല, ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളുടെയും ഉപദ്രവങ്ങളുടെയും അപകടങ്ങളുടെയും മദ്ധ്യത്തിലും വിട്ടുമാറാതെ ഈ സന്തോഷം അവന്റെ ഹൃദയത്തെ നിറച്ചു. കുറച്ചു വർഷങ്ങൾക്കുശേഷം അവൻ റോമിലെ കാരാഗൃഹത്തിൽ ചങ്ങലയാൽ ബന്ധിതനായി കാണപ്പെടുന്നു. അപ്പോഴും പരിതപിക്കാതെ ഭയാനകമായ ആ അവസ്ഥയിലും പ്രത്യാശയോടും, സന്തോഷത്തോടും ഈ സാഹചര്യങ്ങളെ ക്ഷമയോടുകൂടി തരണം ചെയ്യുന്നത് നാം കാണുന്നു. ഫിലിപ്പിയയിലെ കാരാഗൃഹത്തിൽവച്ച് എഴുതിയ ലേഖനമാണ് ഏറ്റവും സന്തോഷത്തിന്റെ ലേഖനം. 'സന്തോഷം' എന്നുള്ള പദം ഈ ലേഖനത്തിൽ അനേകം പ്രാവശ്യം ഉപയോഗിച്ചതായി കാണുന്നു. "ഞാൻ സന്തോഷിക്കുന്നു; ഞാൻ തുടർന്നും സന്തോഷിക്കും" (ഫിലിപ്പിയർ 4:4). യഥാർത്ഥ ക്രിസ്ത്യാനിത്വം എന്നു പറയുന്നത് സന്തോഷത്തിന്റെ അനുഭവമാണെന്നു പൗലോസ് തെളിയിച്ചു.

എല്ലായ്പ്പോഴും സന്തോഷിക്കുവാൻ ഒരാൾക്ക് കഴിയുമോ എന്ന് നിങ്ങൾ ചോദിച്ചേക്കാം. അതു പ്രതീക്ഷിക്കുന്നതിനും അപ്പുറമല്ലേ എന്നു നിങ്ങൾ കരുതിയേക്കാം. അല്ല, നമ്മുടെ ജീവൻ ക്രിസതുവിലാണെങ്കിൽ നമ്മുടെ ദൈനംദിന ജീവിതത്തിൽ കർത്താവിന്റെ സന്തോഷമാണു നമ്മുടെ ബലമെന്നത അനുഭവിച്ചയ അറിയാവുന്നതാണ്. കർത്താവിന്റെ നിയന്ത്രണത്തിലും കരുതലിലുമായി ജീവിക്കുന്ന ഒരുവാനു ദൈവത്തെ സ്നേഹിക്കുന്നവർക്ക് സർവ്വവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നുള്ളതുകൊണ്ടു നല്ലകാലവും ചീത്തകാലവും സന്തോഷത്തോടെ സ്വീകരിക്കുന്നതിനു സാധിക്കുന്നു (റോമർ 8:28). 30 വർഷത്തെ യുദ്ധസമയത്തു യൂറോപ്പിൽ ജീവിച്ചിരുന്ന ഒരു ക്രിസ്തീയ കവിക്ക് ഇതു ശരിക്കും രുചിച്ചറിയുവാൻ സാധിച്ചു. എല്ലായിടത്തും പട്ടിണിയായിരുന്നു. ഈർച്ചപ്പൊടിയും മാവും ഉപയോഗിച്ചായിരുന്നു ബ്രഡ് ഉണ്ടാക്കിയിരുന്നത്. എല്ലായിടത്തും രോഗം പടർന്നു. മരിച്ചവരെ ഒരു വലിയ കല്ലറയിലേക്കു എറിഞ്ഞു. ഈ കവിക്കു ഭാര്യയും 4 മക്കളും നഷ്ടപ്പെട്ടു. എന്നാലും കർത്താവിലുള്ള ആശ്രയവും സന്തോവും അദ്ദേഹത്തിനു നഷ്ടപ്പെട്ടില്ല. അദ്ദേഹം എഴുതി: "എനിക്കു ക്രിസ്തുവുള്ളപ്പോൾ ഞാൻ എന്തിന് വേദനിക്കണം? എന്റെ ഇടയനും എന്റെ സന്തോഷവുമായ അവിടുത്തെ ആർക്കു എന്നിൽനിന്ന എടുത്തുകളയാൻ കഴിയും? അവിടുന്നു എനിക്കുള്ളവൻ ഞാൻ അവിടുത്തേക്കുള്ളവൻ. ആർക്കും ഞങ്ങളെ വേർപിരിക്കാൻ സാധ്യമല്ല. എന്റെ ഹൃദയം സന്തോഷത്താൽ കവിയുന്നു. സന്താപത്തോടെ ഇരിക്കാൻ ഇതിനു സാദ്ധ്യമല്ല. അതു ക്രിസ്തുവിനുള്ള സ്തുതികളാലും സങ്കീർത്തനങ്ങളാലും നിറഞ്ഞിരിക്കുന്നു. എന്റെ വെളിച്ചമായ കർത്താവു എന്നിൽ പ്രകാശിക്കുന്നു" ഈ മനുഷ്യന്റെ അനുഭവത്തിൽനിന്നും യാഥാർത്ഥ്യം നിങ്ങൾക്കു ദർശിക്കാൻ കഴിയും.

ഒരു കർത്തൃദാസിയുടെ രണ്ടു കാലും ഛേദിക്കപ്പെട്ടു. എന്നാൽ അവൾ കർത്താവിനോടു പരാതിപ്പെടുകയോ, ആശയറ്റവളായിത്തീരുകയോ ചെയ്തില്ല. സമ്പന്നയായ ഒരു സ്ത്രീ അവളെ ആശ്വസിപ്പിക്കുന്നതിനായി ചെന്നപ്പോൾ സന്തോഷമുള്ള മുഖത്തോടുകൂടി അവൾ പറഞ്ഞു: "എന്റെപ്രിയ സഹോദരി, എനിക്കു ഒന്നിനും കുറവില്ല. ഞാൻ സന്തോഷഭരിതയാണ്." ഈ വിധത്തിലുള്ള സന്ദർഭങ്ങളിൽ ഈ സ്ത്രീക്ക് എങ്ങനെ സന്തോഷിക്കുവാൻ സാധിക്കും? യേശുവിനു മാത്രമേ അപ്രകാരമുള്ള സന്തോഷവും മനഃസമാധാനവും കൊടുക്കാൻ സാധിക്കുകയുള്ളൂ.

ഇത് എഴുതിയതിൽനിന്നും അനശ്വരവും സമ്പൂർണ്ണവുമായ സന്തോഷം ലഭിക്കുവാൻ സാധിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവോ? നിങ്ങളും അവനോടു ചോദിക്കുന്നു എങ്കിൽ ഈ സന്തോഷം ഉടൻ തന്നെ നിങ്ങൾക്കും തരുന്നതിനായി യേശുക്രിസ്തു സദാ സന്നദ്ധനാണ്. "എനിക്കു യഥാർത്ഥ സന്തോഷം തരണമേ. ഞാൻ എന്നെ പൂർണ്ണമായി, അവിടുത്തെ സന്തോഷം എന്നിലേക്കു വരുന്നതിനു തടസ്സമായിരിക്കുന്ന കാര്യങ്ങൾ കൂടി അങ്ങയുടെ പാദപീഠത്തിൽ സമർപ്പിക്കുന്നു" എന്ന് നിങ്ങൾ പ്രാർത്ഥിക്കുക. നിങ്ങളുടെ പാപം അവിടുത്തോട് ഏറ്റു പറയുക. നിങ്ങളുടെ ജീവനെയും ജീവിതത്തെയും അവിടുത്തെ

കയ്യിൽ ഏല്പിക്കുക. ക്രിസ്തു നിങ്ങളുടെ പാപങ്ങളെ ക്ഷമിച്ചു നിലനിൽക്കുന്ന സന്തോഷം നിങ്ങൾക്കു നല്കുന്നതായി കാണാവുന്നതാണ്. എങ്കിൽ "ക്രിസ്തുവാണ് എന്റെ സന്തോഷവും എന്റെ ഭാവിയും പ്രത്യാശയും" എന്ന് അവനെ സ്തുതിച്ചുകൊണ്ട് നിങ്ങളും പറയും.

ഈ ലഘുലേഖ വിതരണം ചെയ്യാനും കൂടുതൽ പുസ്തകങ്ങൾ ലഭിക്കുവാനും നിങ്ങൾക്കും താല്പര്യമുണ്ടെങ്കിൽ വ്യക്തമായ മേൽവിലാസത്തോടു കൂടി ഉടൻ എഴുതുക. എല്ലാ കൂട്ടുകാരോടും എഴുതാൻ പറയൂ. അവർക്കും ഫ്രീ ബുക്ക് അയ്യക്കുന്നതാണ്.